## പതിമൂന്നാം കേരള നിയമസഭ
## പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നമ്പർ : 442

10.06.2014- ൽ മറുപടിക്ക്

### സഹകരണ വകുപ്പിന്റെ ചെറുകിട വായ്പാ പദ്ധതികൾ

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ. ഇ.കെ. വിജയൻ :** | **ശ്രീ. സി.എൻ. ബാലകൃഷ്ണൻ**<br>(സഹകരണവും ഖാദി ഗ്രാമവ്യവസായവും വകുപ്പ് മന്ത്രി) |
| എ) സംസ്ഥാനത്ത് ബ്ലേഡ് പലിശക്കാരെ നിയന്ത്രിക്കുന്നതിന്റെ ഭാഗമായി സഹകരണ വകുപ്പിൽ നിന്നും സാധാരണക്കാർക്ക് ചെറുകിട വായ്പകൾ ലഭ്യമാക്കാൻ എന്തെല്ലാം പദ്ധതികളാണ് സഹകരണ വകുപ്പ് ആവിഷ്കരിച്ചിരിക്കുന്നത്; | (എ) സംസ്ഥാനത്ത് സ്വകാര്യ പണമിടപാടുകാരെ നിയന്ത്രിക്കുന്നതിന്റെ ഭാഗമായി ചെറുകിട വായ്പകൾ ലഭ്യമാക്കാൻ സഹകരണ വകുപ്പ് ചുവടെ ചേർക്കുന്ന നടപടികൾ സ്വീകരിച്ചിട്ടുണ്ട്.<br><br>1. പ്രാഥമിക കാർഷിക വായ്പാ സഹകരണ സംഘങ്ങളിൽ നിന്നും പരമാവധി 1 ലക്ഷം രൂപ വരെയുള്ള കാർഷിക വായ്പകൾ അംഗങ്ങളുടെ പരസ്പര ജാമ്യത്തിൽ വിതരണം ചെയ്യാൻ നിർദ്ദേശം നൽകിയിട്ടുണ്ട്.<br>2. 50,000/- രൂപ വരെയുള്ള കാർഷികേതര വായ്പകൾ അംഗങ്ങളുടെ പരസ്പര ജാമ്യത്തിൽ വിതരണം ചെയ്യാൻ നിർദ്ദേശം നൽകിയിട്ടുണ്ട്.<br>3. സ്ഥിരമായ മാസവരുമാനം ഇല്ലാത്തതും ദാരിദ്ര്യ രേഖയ്ക്ക് താഴെയുള്ളതുമായ ജന വിഭാഗത്തിന് പരമാവധി 10,000/- രൂപ വരെ കുറഞ്ഞ പലിശ നിരക്കിൽ വായ്പ നൽകുന്നതിനുള്ള നിർദ്ദേശം നൽകിയിട്ടുണ്ട്.<br>4. ദാരിദ്ര്യ രേഖയ്ക്ക് താഴെ വസിക്കുന്നവർ, ചെറുകിട കച്ചവടക്കാർ എന്നിവരെ സഹായിക്കുന്നതിന് 5,000/- രൂപ വരെയുള്ള വായ്പകൾ സ്വന്തം ജാമ്യത്തിൽ നൽകാൻ നിർദ്ദേശം പുറപ്പെടുവിച്ചിട്ടുണ്ട്. |
| ബി) പ്രസ്തുത വായ്പകൾ നൽകുന്നതിന് എന്തെല്ലാം ഈടുകളാണ് വാങ്ങാനുദ്ദേശിക്കുന്നത്; | (ബി) 10,000/- രൂപ വരെയുള്ള വായ്പകൾ ഈടില്ലാതെ നൽകുന്നതാണ്. ഇതിനു പുറമെ ഒരു ലക്ഷം രൂപവരെയുള്ള കാർഷിക വായ്പകളും അൻപതിനായിരം രൂപവരെയുള്ള കാർഷികേതര വായ്പകളും അംഗങ്ങളുടെ പരസ്പര ജാമ്യത്തിലാണ് വിതരണം ചെയ്യാൻ നിർദ്ദേശം നൽകിയിട്ടുണ്ട്. 1 ലക്ഷം രൂപയ്ക്ക് മുകളിൽ 3 ലക്ഷം രൂപവരെയുള്ള കാർഷിക വായ്പകളും |

| | | |
|---|---|---|
| | | 50,000/- രൂപ മുതൽ 3 ലക്ഷം രൂപവരെയുള്ള കാർഷികേതര വായ്പകളും വസ്തു ജാമ്യത്തിലോ രണ്ടിൽ കുറയാത്ത സർക്കാർ/അർദ്ധ സർക്കാർ ഉദ്യോഗസ്ഥരുടെ ശമ്പള സർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിൽ ജാമ്യം സ്വീകരിച്ചോ വായ്പ നൽകാൻ നിർദ്ദേശം നൽകിയിട്ടുണ്ട്. 3 ലക്ഷം രൂപയിൽ അധികരിച്ച കാർഷിക, കാർഷികേതര വായ്പകൾ വസ്തു ജാമ്യത്തിലോ മതിയായ മറ്റ് ജാമ്യം ഉറപ്പ് വരുത്തിയോ നൽകാനാണ് നിർദ്ദേശം നൽകിയിട്ടുള്ളത്. |
| (സി) | പ്രസ്തുത വായ്പകളുടെ പലിശ നിരക്കും തിരിച്ചടവ് രീതിയും സംബന്ധിച്ച് രൂപരേഖ തയ്യാറാക്കിയിട്ടുണ്ടെങ്കിൽ വിശദമാക്കുമോ? | (സി) 10,000/- രൂപ വരെയുള്ള വായ്പകൾ പ്രതിദിന തവണകളായോ, പ്രതിവാര തവണകളായോ പരമാവധി 1 വർഷത്തിനകം തിരികെ അടയ്ക്കണം. 5,000/- രൂപ വരെയുള്ള വായ്പകൾ 100 ദിവസത്തിനകം തിരികെ അടയ്ക്കേണ്ടതാണ്. രജിസ്ട്രാർ കാലാകാലങ്ങളിൽ നിശ്ചയിക്കുന്ന പലിശ നിരക്ക് ഈ വായ്പകൾക്ക് ബാധകമായിരിക്കും. ഹ്രസ്വകാല കാർഷിക വായ്പകൾ കൃത്യമായി തിരിച്ചടക്കുന്നവർക്ക് പലിശ രഹിതമായാണ് വായ്പ നൽകുന്നതിന് നിർദ്ദേശം നൽകിയിട്ടുള്ളത്. നിലവിൽ മുതൽ തുക കൃത്യമായി തിരിച്ചടയ്ക്കുന്ന നെൽകർഷകർക്കും പലിശ രഹിത വായ്പ നൽകി വരുന്നു.<br>മറ്റ് കാർഷികേതര വായ്പകൾക്ക് ഓരോ വായ്പയുടെ പ്രത്യേകത കണക്കിലെടുത്ത് 10 ശതമാനം മുതൽ പരമാവധി 15% വരെ പലിശ നിരക്ക് ഈടാക്കുന്നുണ്ട്. ഹ്രസ്വകാല കാർഷിക വായ്പകളുടെ തിരിച്ചടവ് കാലാവധി കൃഷി ചെയ്യുന്ന വിളയുടെ കാലാവധിയോ വായ്പാ എഗ്രിമെന്റിൽ പരാമർശിച്ചിട്ടുള്ള കാലാവധിയോ ആണ്. ഹ്രസ്വകാല വിള വായ്പകളുടെ തിരിച്ചടവ് കാലാവധി പരമാവധി 1 വർഷവും മദ്ധ്യകാല കാർഷിക വായ്പകളുടെ തിരിച്ചടവ് കാലാവധി 3 വർഷം മുതൽ 5 വർഷം വരെയുമാണ്. മറ്റ് കാർഷികേതര വായ്പകൾക്ക് വായ്പയുടെ പ്രത്യേകത അനുസരിച്ച് ഒരു വർഷം മുതൽ 10 വർഷം വരെ തിരിച്ചടവ് കാലാവധിയുണ്ട്. കാർഷികേതര വായ്പകൾ വായ്പാ എഗ്രിമെന്റിൽ പരാമർശിച്ചിട്ടുള്ള തവണകളായി തിരിച്ചടയ്ക്കേണ്ടതുണ്ട്. |

സെക്ഷൻ ഓഫീസർ